## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1091** — **2.03.2017-ൽ മറുപടിയ്ക്ക്**

### പി.ഡബ്ല്യു.ഡി. റോഡുകളിലെ മുന്നറിയിപ്പ് ബോർഡുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി.ജോർജ്ജ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) വിവിധ പി.ഡബ്ല്യു.ഡി. റോഡുകളിൽ ഉള്ള മുന്നറിയിപ്പ് ബോർഡുകളിൽ മിക്കവയും കാണാത്ത വിധത്തിലും മാഞ്ഞുപോയതും വൃക്ഷക്കമ്പുകൾ കൊണ്ട് മൂടിയതും മറ്റും ആയതിനാൽ യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വണ്ടികളുടെ സ്പീഡ് കുറയ്ക്കുന്നതിനായി റോഡിൽ നിർമ്മിച്ചിട്ടുള്ള വലിയ ഹമ്പുകൾക്ക് മുന്നറിയിപ്പ് ബോർഡോ പ്രത്യേക നിറങ്ങളോ നൽകാത്തതിനാൽ വളരെയധികം അപകടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് റോഡുകളിൽ സ്ഥിതിചെയ്യുന്ന ഹമ്പുകൾക്ക് മുന്നറിയിപ്പ് ബോർഡുകളും, റോഡ് മാർക്കിംഗുകളും നൽകുന്നതിന് എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനായി നിലവിലുള്ളതും, പുതിയതുമായ ഹമ്പുകൾ സ്ഥാപിക്കുമ്പോൾ നൽകേണ്ട മുന്നറിയിപ്പ് ബോർഡ്,റോഡ് മാർക്കിംഗ് എന്നിവ നൽകുന്നതിനായി ചീഫ് എഞ്ചിനീയർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.<br>ദേശീയപാതയിൽ ഹമ്പ് അനുവദനീയമല്ല. ചിലയിടങ്ങളിൽ റമ്പിൾ സ്ട്രിപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയതിന് മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിച്ചിട്ടുള്ളതാണ്. |
| (സി) റോഡുകളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനായി പുതിയ നല്ല തരത്തിലുള്ള ബോർഡുകൾ കുറ്റമറ്റ രീതിയിൽ സ്ഥാപിക്കാൻ പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) റോഡുകളിൽ സ്ഥാപിക്കുന്ന മുന്നറിയിപ്പ് ബോർഡുകൾ, റോഡ് മാർക്കിംഗ്, മറ്റു പലവിധ റോഡ് സുരക്ഷാ സംവിധാനങ്ങൾ എല്ലാം തന്നെ ഇന്ത്യൻ റോഡ് കോൺഗ്രസ്സ് അനുശാസിക്കുന്ന ഘടനയിലും, നിറങ്ങളിലുമാണ് നൽകി വരുന്നത്. ഇത്തരത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ റോഡ് സുരക്ഷാ സെൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ